LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1959
(Second Meeting)

Thursday, the 14th May 1959.

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Thursday, the 14th May 1959, with Mr. Speaker in the Chair.

CALLING ATTENTION UNDER RULE 66.

Strike in the Railway goods shed, Calicut.

മി. സ്പീക്കർ : റൂൾ 66 അനുസരിച്ച് ഇന്നലെ ശ്രീ. കുഞ്ഞമ്പുവിനോടും ശ്രീ. ഗോപാലൻകുട്ടിനായരോടും ഓരോ നോട്ടീസ് കിട്ടിയിരുന്നു. രണ്ടുപേരും അപ്പോൾ ഹാജരില്ലാതിരുന്നതിനാൽ അതു പരിഗണനയ്ക്കെടുക്കുകയുണ്ടായില്ല. അതിൽ ശ്രീ കുഞ്ഞമ്പുവിന്റെ മോക്ഷത്തെപ്പറ്റി അദ്ദേഹത്തിനു പറയാനുള്ളതു പറയാം.

ശ്രീ. കെ. കുഞ്ഞമ്പു : സർ, കോഴിക്കോട്ടെ പാസ്സ്തൊഴിലാളികളുടെ അവരുടെ മിനിമം ന്യായവുമായ ചില ആവശ്യങ്ങൾക്കുവേണ്ടി ഇന്നേക്ക് ഏഴു ദിവസത്തോളമായി ഒരു പണിമുടക്കുസമരം ആരംഭിച്ചിട്ടുണ്ട്. രണ്ടാം ലോക മഹായുദ്ധകാലത്തു കിട്ടിയിരുന്ന അതേ കൂലി തന്നെയാണ് ഇപ്പോഴും പ്രസ്തുത തൊഴിലാളികൾക്കു കിട്ടിവരുന്നത്. നിത്യാവശ്യസാധനങ്ങളുടെ അമിതമായ വിലക്കയറ്റം കാരണം ജീവിതച്ചെലവു ഭയങ്കരമായി വർദ്ധിച്ച ഇക്കാലത്തു കൂലി കൂടുതൽ ലഭിക്കുന്നതിനുവേണ്ടിയാണ് സമരം ആരംഭിച്ചിരിക്കുന്നത്.

ഈ പാസ്സ്തൊഴിലാളികളുടെ പണിമുടക്കിന്റെ ഫലമായി 100-ൽ അധികം വരുന്ന ഗുഡ്സ്ഷെഡ് തൊഴിലാളികൾക്കും ഒരുവിഭാഗം തെങ്ങുകയറ്റത്തൊഴിലാളികൾക്കും പണിയില്ലാതായിത്തീർന്നിരിക്കുകയാണ്. പണിമുടക്കുകാരണം റയിൽവേ ഗുഡ്സ്ഷെഡ്ഡിൽ 150 ടൺ വാഗൺചരക്ക് കെട്ടിക്കിടക്കുകയാണ്. അരി, പഞ്ചസാര, ധാന്യവർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷണസാധനങ്ങളാണ് കെട്ടിക്കിടക്കുന്നത്. എത്രയും വാഗൺ ചരക്കുകൾ ഫ്രോക്കിൽ നിറുത്തിയിരിക്കുന്നു. കുറെ വാഗൺ ചരക്കുകൾ വടകരയിലും നിറുത്തി

GPT-2/ 15/V-

[ശ്രീ. കെ. കുഞ്ഞമ്പു]:

യിരിക്കുകയാണു്. പണിമുടക്കിന്റെ ഫലമായി ഇറക്കുമതി നിലച്ചിരിക്കുകയും ഭക്ഷ്യധാന്യങ്ങൾക്കു പൊതുവിൽ ഇക്കാരണത്താൽ വില വർദ്ധിച്ചുവരികയുമാണു്. പണിമുടക്കിയ 350 ഓളം തൊഴിലാളികളെ പോലീസ് ഇതിനകം അറസ്റ്റു ചെയ്തിരിക്കുകയാണു്.

ഈ പ്രശ്നം സമാധാനപരമായും മാനമായും പരിഹരിക്കണമെന്നും കൂടുതൽ കുഴപ്പങ്ങൾ വലിച്ചിഴയ്ക്കപ്പെടുന്നതിനുമുൻപു് ഈ പാസ്തൊഴിലാളി പ്പണിമുടക്കിൽ ഇടപെട്ടു് വേണ്ട പരിഹാരം വരുത്തണമെന്നും ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രിയോടഭ്യർത്ഥിച്ചുകൊള്ളുന്നു.

തൊഴിൽവകുപ്പുമന്ത്രി ശ്രീ. ടി. വി. തോമസ്: കോഴിക്കോട്ടു് കമ്പോളത്തിലേക്കു് ഭക്ഷ്യധാന്യങ്ങൾ റയിൽവേ വാഗണിൽനിന്നും മാറ്റിക്കൊണ്ടിരിക്കുന്ന കൺട്രാക്റ്റർമാർ തവക്കു് കിട്ടിക്കൊണ്ടിരിക്കുന്ന കൂലി കുറവാണെന്ന കാരണത്താൽ ഒരു പണിമുടക്കിൽ ഏർപ്പെട്ടിരിക്കുകയാണു്. ഈ പ്രശ്നം സമാധാനത്തിലെത്തിക്കുന്നതിനു് കോഴിക്കോട്ടു ഡിസ്ട്രിക്റ്റു ലേബർ ആഫീസർ പലതവണ സമ്മേളനം വിളിച്ചുകൂട്ടിയിട്ടുണ്ടു്. പണിമുടക്കുമൂലം സാധനങ്ങൾ മാറ്റാൻ സാധിക്കുന്നില്ല; അതുകൊണ്ടു് വിലവർദ്ധനവുണ്ടാകുന്നു എന്നു പറയുന്നതു മുഴുവൻ ശരിയല്ലെന്നു ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. എന്തായാലും 17-ാംതീയതി ഇരുകൂട്ടരും ഒരു തീരുമാനത്തിലെത്താൻ ശ്രമിച്ചിട്ടുണ്ടു്. അന്നു് ഒരു തീരുമാനത്തിലെത്തുമെന്നു് വിശ്വസിക്കുന്നു. ഇതിൽ കൂടുതലായി ഇതിനെപ്പറ്റി ഒന്നും പറയാനില്ല.

THE KERALA EDUCATION RULES, 1959—(*Contd.*)

CHAPTER IX—(*Contd.*)

Mr. Speaker: Mr. Joseph Mundasseri, yesterday you had agreed to re-draft Rule 6 of Chapter IX and submit it today for the consideration of the House. Is it ready now?

Shri Joseph Mundasseri: I am drafting it. We may now take up the next rule. By the time that is considered, I will send you Rule 6 as re-drafted.

Mr. Speaker: Rule 7 deals with 'pupils under suspension not to be allowed to attend the school'. As that rule also deals with disciplinary matters, it should depend upon the framing of Rule 6.

Shri M. Narayana Kurup: Many things depend on the framing of that rule.

Mr. Speaker: The next two or three rules would depend upon Rule 6.

Shri M. Narayana Kurup: It seems Government are not taking things very seriously.

Mr. Speaker: I am not competent to say that.

Shri M. Narayana Kurup: But we are competent.

Mr. Speaker: I think we will now take up amendments to Rule 7.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: റൂൾ 6-ൽ സസ്പെൻഷനാണോ ഡിസ്മിസ്സലാണോ ഭേദഗതിചെയ്തു സ്വീകരിച്ചിരിക്കുന്നതു് എന്നറിയാതെ എങ്ങനെയാണു് ഇതിൽ പങ്കെടുക്കുന്നതു്? അതറിയാതെ ഞങ്ങൾക്കു പങ്കെടുക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly